31/01/2020
7.1.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 663(6)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.11929/SIC-Gen5/2016**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. രാജൻ എം.സി.,
മയങ്ങിച്ചാലിൽ വീട്,
കോതങ്കൽ,
മൊടക്കല്ലൂർ പി.ഒ.,
ഉള്ള്യേരി വഴി, കോഴിക്കോട് –673 323.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ,
താലൂക്ക് ഓഫീസ്, കൊയിലാണ്ടി,
കോഴിക്കോട്.
} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 28.7.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.8.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.9.2016 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 29.9.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.10.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 19.11.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 1.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട് |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരുണ്ടായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. രാജൻ എം.സി., കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കൊയിലാണ്ടി താലൂക്ക് ഓഫീസിൽ, അത്തോളി വില്ലേജിൽ കോതങ്ങൽ ദേശത്ത് മയങ്ങിച്ചാലിൽ ചെങ്കൽ ഖനനം നടത്തുന്നത് സംബന്ധിച്ച് 2016 ജൂൺ 1 മുതൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് വില്ലേജ് ഓഫീസർ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ആയതു സംബന്ധിച്ച ഫയലുകളുടെ പകർപ്പുകൾ നൽകണമെന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 26.8.2016 തീയതി മറുപടി നൽകിയിരുന്നു എന്നും ആയതിന്റെ പകർപ്പും ബന്ധപ്പെട്ട ഡെസ്പാച്ച് രജിസ്റ്ററിന്റെ പ്രസക്ത പേജിന്റെ പകർപ്പും കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിരുന്നു എന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk